©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി

Thiruvananthapuram,
Saturday

2026 മേയ് 30
30th May 2026
1201 ഇടവം 16
16th Idavam 1201
1948 ജ്യേഷ്ഠം 9
9th Jyaishta 1948

നമ്പർ
No.
1703

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

കേരള കാർഷിക സർവകലാശാലാ ജനറൽ കൗൺസിലിലേയ്ക്ക് നിയമസഭാ സാമാജികരിൽ നിന്നുള്ള നാല് അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, 2026

[(1971-ലെ കേരള കാർഷിക സർവകലാശാലാ ആക്ടിന്റെ 10-ാം വകുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന്റെ (1)-ാം ഇനം അനുസരിച്ച്)]

വിജ്ഞാപനം

നമ്പർ KLS/2710/2026-Legin1 തിരുവനന്തപുരം

30.05.2026

1971-ലെ 33-ാം നമ്പർ ആക്ടായ 1971-ലെ കേരള കാർഷിക സർവകലാശാലാ ആക്ടിലെ 10-ാം വകുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലെ (1)-ാം ഇനവും കേരള കാർഷിക സർവകലാശാലയുടെ വിവിധ അധികാര സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ടിന്റെ 3-ാം ഖണ്ഡിക (2)(ബി) ഉപഖണ്ഡികയും ചേർന്ന് സ്പഷ്ടമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭാ സാമാജികരിൽ നിന്നും കേരള കാർഷിക സർവകലാശാലാ ജനറൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേർ ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1. കേരള കാർഷിക സർവകലാശാലയുടെ ജനറൽ കൗൺസിലിലേക്ക് ജനറൽ വിഭാഗത്തിൽ നിന്നും മൂന്ന് അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒരു അംഗവും ഉൾപ്പെടെ നാല് അംഗങ്ങളെ ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തിരഞ്ഞെടുക്കുന്നതിനായി കേരള നിയമസഭാ സാമാജികരിൽ നിന്ന് തിരഞ്ഞെടുപ്പ് (ഇരു വിഭാഗങ്ങളിലേയ്ക്കും) നടത്തുന്നതാണ്.

2. ഒരു സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ **2026** ജൂൺ മാസം **15**-ാം തീയതി തിങ്കളാഴ്ചയ്ക്കപ്പുറമാകാത്ത ഏത് തീയതിയിലും (പൊതു അവധി ദിവസങ്ങളൊഴികെ) പകൽ **11** മണിക്കും **4** മണിക്കും ഇടയിൽ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് നാമനിർദ്ദേശപത്രികകൾ വരണാധികാരിയെ ഏൽപ്പിക്കാവുന്നതാണ്.

3. നാമനിർദ്ദേശത്തിനുള്ള ഫാറങ്ങൾ മുൻപറഞ്ഞ സ്ഥലത്തും സമയത്തും ലഭിക്കുന്നതാണ്.

4. തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വച്ച് **2026** ജൂൺ മാസം **16**-ാം തീയതി ചൊവ്വാഴ്ച പകൽ **11** മണിക്ക് നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് അന്നു വൈകുന്നേരം **4** മണിക്ക് നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

5. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസുകൾ സ്ഥാനാർത്ഥിക്കോ അദ്ദേഹത്തിന്റെ നിർദ്ദേശകനോ **2023** ജൂൺ മാസം **22**-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം **4** മണിക്ക് മുമ്പായി വരണാധികാരിക്ക് അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ വച്ച് ഏൽപ്പിക്കാവുന്നതാണ്.

6. സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് **2026** ജൂൺ മാസം **23**-ാം തീയതി ചൊവ്വാഴ്ച നിയമസഭാ മന്ദിരത്തിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. വോട്ടെടുപ്പ് ആവശ്യമായി വരുന്നപക്ഷം **2026** ജൂൺ മാസം **24**-ാം തീയതി ബുധനാഴ്ച ഓരോ സമ്മതിദായകനും ബാലറ്റ് പേപ്പർ അയച്ചു കൊടുക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും **2026** ജൂലൈ മാസം **09**-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം **4** മണി ആയിരിക്കുന്നതാണ്.

9. വോട്ട് രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും **2026** ജൂലൈ മാസം **10**-ാം തീയതി വെള്ളിയാഴ്ച്ച രാവിലെ **11** മണിക്ക് നിയമസഭാ മന്ദിരത്തിലുള്ള നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽവച്ച് നടത്തുന്നതാണ്.

ഷാജി സി. ബേബി
വരണാധികാരി **&**
സെക്രട്ടറി-ഇൻ-ചാർജ്ജ്
കേരള നിയമസഭ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.30 09:49:08 +05:30